## **"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി. 11.07.2023**

# കൈക്കൂലി വാങ്ങുന്നതിനിടയിൽ എല്ലുരോഗ വിദഗ്ധനായ ഡോക്ടർ വിജിലൻസ് പിടിയിലായി.

തൃശ്ശൂർ മെഡിക്കൽ കോളേജ് എല്ലുരോഗ വിദഗ്ധൻ ഡോക്ടർ ഷെറി ഐസക്, രോഗിയുടെ ബന്ധുവിൽ നിന്നും 3000/- രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് പിടിയിലായി.

പാലക്കാട് സ്വദേശിയായ പരാതിക്കാരന്റെ ഭാര്യക്കുണ്ടായ റോഡപകടത്തിൽ കൈക്കുണ്ടായ പൊട്ടലിന് ശസ്ത്രക്രിയ ചെയ്യുന്നതിലേക്ക് ഇക്കഴിഞ്ഞ മാസം ഇരുപത്തിയാറാം തിയതി തൃശ്ശൂർ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിരുന്നു. എല്ല് രോഗ വിദഗ്ധനായ ഡോക്ടർ ഷെറി ഐസക്കിന്റെ ഓപ്പറേഷൻ ദിവസങ്ങളായ തിങ്കൾ, വെള്ളി ദിവസങ്ങളിൽ ഓപ്പറേഷന് തയ്യാറായി ആഹാരം കഴിക്കാതെ രോഗിയോട് ഓപ്പറേഷനായി കാത്തിരിക്കാൻ ആവശ്യപ്പെടുകയും, എല്ലാ പ്രാവശ്യങ്ങളിലും വൈകുന്നേരമാകുമ്പോൾ അടുത്ത ഓപ്പറേഷൻ ദിവസം നടത്താമെന്നറിയുക്കുകയും, ഇപ്രകാരം മൂന്ന് ദിവസങ്ങളിൽ ഓപ്പറേഷനുവേണ്ടി കാത്തിരുന്നിട്ടും ഓപ്പറേഷൻ നടക്കാത്തതിനെ തുടർന്ന് പരാതിക്കാരൻ ഇന്നലെ രാവിലെ 10:30 മണിയോടെ റൌണ്ട്സിനായി ഡോക്ടർ വന്ന സമയം പരിഭവം പറഞ്ഞപ്പോൾ ഇന്ന് ഉച്ചക്കുശേഷം ഡോക്ടർ സ്വകാര്യ പ്രാക്ടീസ് ചെയ്ത് വരുന്ന വടക്കാഞ്ചേരിക്ക് സമീപമുള്ള വോട്ടുപാറ എന്ന സ്ഥലത്തെ സ്വകാര്യ ആശുപത്രിയിൽ 3000/- രൂപ കൈക്കൂലിയുമായി വരാൻ ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം തൃശ്ശൂർ വിജിലൻസ് DYSP ജിം പോൾ. സി. ജി. യെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (11/7/2023) ഉച്ച കഴിഞ്ഞ് 03:30 മണിക്ക് ഡോക്ടർ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന വടക്കാംചേരിക്ക് സമീപം ഓട്ടുപാറയിലെ സ്വകാര്യ ആശുപത്രിയിൽ വച്ച് പരാതിക്കാരനിൽ നിന്നും 3000/- രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം ഡോക്ടറെ കയ്യോടെ പിടികൂടുകയാണുണ്ടായത്. പിടികൂടിയ പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ DYSP ശ്രീ ജിം പോൾ സി ജി, ഇൻസ്പെക്ടർമാരായ പ്രദീപ് കുമാർ, സുരേഷ് ബാബു, എസ് ഐ ജയ കുമാർ, CPO മാരായ വിബീഷ്, സൈജു സോമൻ, അരുൺ, സന്ധ്യ, സിന്ധു എന്നിവരാണുണ്ടായിരുന്നത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു